## മധുരമായ കുട്ടികളേ, നിങ്ങൾ രാവിലെ ധനവാനായിത്തീരുന്നു, വൈകുന്നേരം ദരിദ്ര നായിത്തീരുന്നു. ദരിദ്രനിൽ നിന്നും ധനവാൻ, പതിതത്തിൽ നിന്നും പാവനമാ യിത്തീരുന്നതിനായി രണ്ടു ശബ്ദം ഓർമ്മിക്കൂ - മന്മനാഭവ, മദ്ധ്യാജീഭവ

**ചോദ്യം:-** കർമ്മബന്ധനത്തിൽ നിന്നും മുക്തമാകുന്നതിനുള്ള യുക്തി എന്താണ്?
**ഉത്തരം:-** 1. ഓർമ്മയുടെ യാത്രയും ജ്ഞാനത്തിന്റെ സ്മരണയും. 2. ഒന്നുമായി മാത്രം സർവ്വസംബന്ധ വുമുണ്ടായിരിക്കണം, മറ്റാരിലേക്കും ബുദ്ധിയോഗം പോകരുത്. 3. സർവ്വശക്തനായ ബാറ്ററിയുമായുള്ള യോഗം ഉണ്ടായിരിക്കണം. തന്റെ മേൽ പൂർണ്ണ ശ്രദ്ധയുണ്ടായിരിക്കണം. ദൈവീകഗുണങ്ങളുടെ ചിറകുകളും ഉണ്ടെങ്കിൽ കർമ്മബന്ധനത്തിൽ നിന്നും മുക്തമായിത്തീരുന്നു.

**ഓം ശാന്തി**. ബാബ മനസ്സിലാക്കിത്തന്നു - ഇത് ഭാരതത്തിന്റെ കഥയാണ്. എന്ത് കഥയാണ്? രാവിലെ ധനവാനും വൈകുന്നേരം ദരിദ്രനുമാണ്. ഇതിനുമേലും ഒരു കഥയുണ്ട്. പകൽ ധനവാനായിരുന്നു..... ഈ കാര്യങ്ങളെല്ലാം നിങ്ങൾ എപ്പോഴാണോ ധനവാനായിരുന്നത് അപ്പോൾ കേൾക്കുകയില്ല. ധനവാന്റെയും ദരിദ്രന്റെയും കാര്യം നിങ്ങൾ കുട്ടികൾ സംഗമയുഗത്തിലാണ് കേൾക്കുന്നത്. ഇത് ഹൃദയത്തിൽ ധാരണ ചെയ്യണം. ഭക്തിയാണ് നിങ്ങളെ ദരിദ്രനാക്കി മാറ്റുന്നത്. ജ്ഞാനം നിങ്ങളെ ധനവാനാക്കിയും മാറ്റുന്നു. പരിധിയില്ലാത്ത രാത്രിയും പകലുമാണ്. ധനവാൻ ദരിദ്രൻ എന്നുള്ളതും പരിധിയില്ലാത്ത കാര്യങ്ങളാണ്. നിങ്ങളെ അതുപോലെയാക്കി മാറ്റുന്നതും പരിധിയില്ലാത്ത ബാബയാണ്. എല്ലാ പതിത ആത്മാക്കൾക്കും പാവനമായിത്തീരുന്നതിനുവേണ്ടി ഒരേയൊരു ബാട്ടറ്ററിയാണുള്ളത്. ഇങ്ങനെയുള്ള യുക്തികൾ ഓർമ്മ യിൽ വെക്കുകയാണെങ്കിൽ സന്തോഷത്തിലിരിക്കും. ബാബ പറയുന്നു കുട്ടികളേ നിങ്ങൾ രാവിലെ ധന വാനായിത്തീരുന്നു വൈകുന്നേരം ദരിദ്രനായും മാറുന്നു. ഇത് എങ്ങനെയാകുന്നു എന്നുള്ളത് ബാബ മന സ്സിലാക്കിത്തരുകയാണ്. പിന്നീട് പതിതത്തിൽ നിന്നും പാവനം അതായത് ദരിദ്രനിൽ നിന്നും ധനവാനാ യിമാറുന്നതിന്റെ യുക്തിയും ബാബ തന്നെയാണ് മനസ്സിലാക്കി തരുന്നത്. മന്മനാഭവ മദ്ധ്യാജീഭവ ഇതാണ് രണ്ട് യുക്തികൾ. ഇതും കുട്ടികൾക്ക് അറിയാം - ഇത് പുരുഷോത്തമസംഗമയുഗമാണ്. നിങ്ങൾ ആരെല്ലാ മാണോ ഇവിടെ ഇരിക്കുന്നത്, ഗ്യാരന്റിയാണ് നമ്പർവൈസായ പുരുഷാർത്ഥമനുസരിച്ച് നിങ്ങൾ തീർച്ച യായും സ്വർഗ്ഗത്തിലെ ധനവാനായിത്തീരും എന്നുള്ളത്. സാധാരണ വിദ്യാലയത്തിലും അങ്ങനെത്തന്നെ യാണ്. നമ്പർവൈസായാണ് ക്ലാസ്സിൽ ട്രാൻസ്ഫർ ഉണ്ടാകുന്നത്. പരീക്ഷ പൂർത്തിയായിക്കഴിഞ്ഞാൽ പിന്നീട് നമ്പർവൈസായി ഇരിക്കുന്നു, അത് പരിധിയ്ക്കുള്ളിലുള്ള കാര്യങ്ങളാണ്, ഇത് പരിധിയില്ലാത്ത തായ കാര്യങ്ങളും. നമ്പർവൈസായി രുദ്രമാലയിലേക്ക് പോകുന്നു. മാല അഥവാ വൃക്ഷം. വൃക്ഷത്തിനാ ണല്ലോ ബീജമുള്ളത്. പരമാത്മാവ് മനുഷ്യസൃഷ്ടിയുടെ ബീജമാണ്. ഇത് കുട്ടികൾക്ക് അറിയാം, വൃക്ഷം എങ്ങനെ വളരുന്നു, എങ്ങനെ പഴയതായിത്തീരുന്നു. ആദ്യം നിങ്ങൾ ഇതൊന്നും തന്നെ മനസ്സിലാക്കിയി രുന്നില്ല, ബാബ വന്ന് മനസ്സിലാക്കിത്തന്നു. ഇത് പുരുഷോത്തമ സംഗമയുഗമാണ്. ഇപ്പോൾ നിങ്ങൾ കുട്ടി കൾക്ക് പുരുഷാർത്ഥം ചെയ്യണം. ദൈവീകഗുണങ്ങളുടെ ചിറകിനെ ധാരണ ചെയ്യണം. സ്വയത്തിന്റെ മേൽ പൂർണ്ണ ശ്രദ്ധ വെക്കണം. ഓർമ്മയുടെ യാത്രയിലൂടെയാണ് നിങ്ങൾ പാവനമായിത്തീരുന്നത്, മറ്റൊരു ഉപായവുമില്ല. സർവ്വശക്തനായ ബാറ്ററിയായ ബാബയുമായി പൂർണ്ണ യോഗം വെക്കണം. ബാബയുടെ ബാറ്ററി ഒരിക്കലും കാലിയാവില്ല. ബാബ ഒരിക്കലും സതോ രജോ തമോയിലേക്ക് വരുന്നില്ല. കാരണം ബാബയ്ക്ക് സദാ കർമ്മാതീത അവസ്ഥയാണ്. നിങ്ങൾ കുട്ടികൾ കർമ്മബന്ധനത്തിലേക്ക് വരുന്നു. എത്ര വലിയ ബന്ധനമാണ്. ഈ കർമ്മബന്ധനങ്ങളിൽ നിന്നും മുക്തമാകുന്നതിനുള്ള ഒരേയൊരു ഉപായമാണ് ഓർമ്മയുടെ യാത്ര. അതല്ലാതെ മറ്റൊരു ഉപായവുമില്ല. ഈ ജ്ഞാനവും പ്രയാസമായതിനെ നേർമ്മയു ള്ളതാക്കി മാറ്റുന്നു. ഭക്തിയും നേർമ്മയുള്ളതാക്കി മാറ്റുന്നു, ഇങ്ങനെ പറയാറുണ്ട് ഇവർ ഭക്തനായതു കൊണ്ട് ഇവർക്ക് ചതി ഒന്നും തന്നെ അറിയില്ല. പക്ഷേ ഭക്തരിലും ചതിക്കുന്നവരുണ്ട്. ബാബ അനുഭവി യാണ്. ആത്മാവ് ശരീരത്തിലൂടെ ജോലിക്കാര്യങ്ങൾ ചെയ്യുമ്പോൾ ഈ ജന്മത്തിലുള്ളതെല്ലാം തന്നെ സ്മൃതിയിലേക്കു വരുന്നു. 4-5 വയസ്സു മുതൽക്കുള്ള ജീവിതകഥ ഓർമ്മയിലേക്കു വരും. ചിലർ 10-20 വയസ്സിലുള്ളതു പോലും മറക്കുന്നു. ജന്മ-ജന്മാന്തരത്തിലുള്ള പേരും രൂപവും ഓർമ്മ നിൽക്കില്ല. ഒരു ജന്മത്തിലുള്ളതെങ്കിലും പറയാൻ സാധിക്കുമല്ലോ. ഫോട്ടോകളൊക്കെ വെക്കുന്നുണ്ട്. അടുത്തജന്മത്തെ ക്കുറിച്ച് അറിവുണ്ടാവില്ല. ഓരോ ആത്മാക്കളും ഭിന്ന ഭിന്നമായ നാമത്തിലും രൂപത്തിലും ദേശത്തിലും കാലത്തിലും പാർട്ടുകൾ അഭിനയിക്കുന്നു. നാമവും രൂപവുമെല്ലാം തന്നെ മാറിക്കൊണ്ടിരിക്കുന്നു. ഇത് ബുദ്ധിയിലുണ്ട് എങ്ങനെ ആത്മാവ് ഒരു ശരീരത്തെ ഉപേക്ഷിച്ച് മറ്റൊന്ന് എടുക്കുന്നു. തീർച്ചയായും 84 ജന്മം, 84 അച്ഛൻ, 84 പേരുകളും ഉണ്ടാകുന്നു. അന്തിമത്തിൽ തമോപ്രധാന സംബന്ധമായിത്തീരുന്നു. ഈ

സമയത്ത് എത്ര സംബന്ധങ്ങളുണ്ടാകുന്നുവോ അത്രയ്ക്കും മറ്റൊരു സമയത്തും ഉണ്ടാകുന്നില്ല. കലിയുഗീ സംബന്ധങ്ങളെ ബന്ധനം എന്നു തന്നെ മനസ്സിലാക്കണം. എത്ര കുട്ടികളാണുണ്ടാകുന്നത്, പിന്നീട് വിവാഹം കഴിക്കുന്നു, പിന്നീട് വീണ്ടും കുട്ടികൾക്ക് ജന്മം നൽകുന്നു. ഈ സമയത്ത് ഏറ്റവും കൂടുതൽ ബന്ധനം – അമ്മാവൻ, ഇളയച്ഛൻ ......എന്നിവരുടെയാണ്. എത്ര കൂടുതൽ സംബന്ധമുണ്ടോ അത്രയ്ക്കും കൂടുതൽ ബന്ധനമാണ്. പത്രത്തിൽ വായിച്ചു അഞ്ച് കുട്ടികൾ ഒരുമിച്ച് ജന്മമെടുത്തു എന്ന്, അഞ്ചു പേരും ആരോഗ്യശാലികളാണ്. കണക്കാക്കൂ എത്ര കൂടുതൽ സംബന്ധങ്ങളുണ്ടാകുന്നു. ഈ സമയത്ത് നിങ്ങളുടെ സംബന്ധമാണ് ഏറ്റവും ചെറുത്. കേവലം ഒരേയൊരു ബാബയുമായി സർവ്വസംബന്ധവും. ഒരാളോടല്ലാതെ മറ്റൊരാളുമായും നിങ്ങൾക്ക് ബുദ്ധിയോഗമില്ല. സത്യയുഗത്തിൽ ഇതിനേക്കാളും കൂടുതലായിരിക്കും. ഇപ്പോഴാണ് നിങ്ങളുടെ വജ്രസമാനമായ ജന്മം. ഉയർന്നതിലും ഉയർന്ന ബാബ കുട്ടികളെ ദത്തെടുക്കുകയാണ്. സമ്പത്ത് നേടുന്നതിനായി ജീവിച്ചിരിക്കെ മടിത്തട്ട് നേടുന്നത് ഇപ്പോഴാണ്. നിങ്ങൾ ഇങ്ങനെയൊരു അച്ഛന്റെ മടിത്തട്ടിലേക്കാണ് വന്നിരിക്കുന്നത്, ആരിൽ നിന്നാണോ നിങ്ങൾക്ക് സമ്പത്ത് ലഭിക്കുന്നത്. നിങ്ങൾ ബ്രാഹ്മണരെക്കാളും ഉയർന്നവർ മറ്റാരും തന്നെയില്ല. എല്ലാവരുടെയും യോഗം ഒരാളുമായിമാത്രമാണ്. നിങ്ങൾക്ക് പരസ്പരവും മറ്റൊരു സംബന്ധവുമില്ല. സഹോദരി–സഹോദരൻ എന്ന സംബന്ധവും നിങ്ങളെ വീഴ്ത്തുന്നു. സംബന്ധം ഒരാളുമായി മാത്രമാണ്. പവിത്രമായി തിരികെ പോകണം. ഇങ്ങനെയെല്ലാം വിചാരസാഗരമഥനം ചെയ്യുന്നതിലൂടെ നിങ്ങൾ വളരെയധികം സന്തുഷ്ടരായി ത്തീരുന്നു. സത്യയുഗീ സന്തോഷവും കലിയുഗീ സന്തോഷവും തമ്മിൽ രാത്രിയുടെയും പകലിന്റെയും വ്യത്യാസമുണ്ട്. ഭക്തിമാർഗ്ഗത്തിലെ സമയത്തെയാണ് രാവണരാജ്യമെന്ന് പറയുന്നത്. അവസാനസമയത്ത് ശാസ്ത്രത്തിന്റെ അഹങ്കാരവും ധാരാളമുണ്ടാകുന്നു.

ഒരു കുട്ടി ഇങ്ങനെ എഴുതിയിരുന്നു, സ്വർഗ്ഗത്തിലാണോ നരകത്തിലാണോ എന്ന ചോദ്യം ചോദിച്ചപ്പോൾ 4–5 പേർ പറഞ്ഞു ഞങ്ങൾ സ്വർഗ്ഗത്തിലാണെന്ന്. ബുദ്ധിയിൽ രാത്രിയുടെയും പകലിന്റെയും വ്യത്യാസമുണ്ടാകുന്നു. ചിലർ മനസ്സിലാക്കുന്നു ഞങ്ങൾ നരകത്തിലാണെന്ന്. പിന്നീട് അവർക്ക് മനസ്സിലാക്കി കൊടുക്കേണ്ടതായി വരുന്നു, സ്വർഗ്ഗവാസിയായിത്തീരാൻ ആഗ്രഹമുണ്ടോ, ആരാണ് സ്വർഗ്ഗത്തെ സ്ഥാപിക്കുന്നത് എന്ന്. ഇതെല്ലാം തന്നെ വളരെ മധുരമധുരമായ കാര്യങ്ങളാണ്. നിങ്ങൾ നോട്ട് ചെയ്യുന്നുണ്ട്, പക്ഷേ അത് നോട്ടിൽ തന്നെ ഇരിക്കുകയാണ് സമയത്തിനനുസരിച്ച് ഓർമ്മ വരുന്നില്ല. പതിതത്തിൽ നിന്നും പാവനമാക്കി മാറ്റുന്നത് പരമപിതാവായ പരമാത്മാവ് ശിവനാണ്. അവർ പറയുന്നു എന്നെ മാത്രം ഓർമ്മിക്കുകയാണെങ്കിൽ പാപം നശിക്കുന്നു. ഓർമ്മയിൽ എന്തെങ്കിലും ലാഭമുണ്ടാകില്ലേ. ഓർമ്മിക്കുക എന്ന രീതി ഇപ്പോഴാണ് ഉണ്ടായത്. ഓർമ്മയിലൂടെ നിങ്ങൾ എത്ര ഉയർന്നവരും ശുദ്ധരുമായാണ് മാറുന്നത്. ആര് എത്രത്തോളം പ്രയത്നിക്കുന്നുവോ അത്രത്തോളം ഉയർന്ന പദവി നേടുന്നു. ബാബയോടും ചോദിക്കാൻ സാധിക്കും. ലോകത്തിൽ സംബന്ധത്തിന്റെയും സമ്പത്തിന്റെയും പിറകിൽ എത്ര പ്രശ്നങ്ങളാണ്. ഇവിടെ മറ്റൊരു സംബന്ധവുമില്ല ഒരു ബാബ രണ്ടാമതാരുമില്ല. ബാബ പരിധിയില്ലാത്ത അധികാരിയാണ്. കാര്യം വളരെ സഹജമാണ്. മറുവശത്ത് സ്വർഗ്ഗവും ഈ വശത്ത് നരകവുമാണ്. നരകവാസിയാണോ നല്ലത് അതോ സ്വർഗ്ഗവാസിയാണോ നല്ലത്? ആരാണോ വിവേകശാലികളായ കുട്ടികൾ അവർ പറയും സ്വർഗ്ഗവാസിയാണ് നല്ലതെന്ന്. ചിലർ പറയുന്നു നരകവാസി, സ്വർഗ്ഗവാസി എന്ന കാര്യത്തെക്കുറിച്ച് ഞങ്ങൾക്ക് ഒന്നും തന്നെ അറിയുന്നില്ല. കാരണം ബാബയെ അറിയുന്നില്ല. ചിലർ ബാബയുടെ മടിത്തട്ടിൽ നിന്നും മായയുടെ മടിത്തട്ടിലേക്ക് പോകുന്നു. അത്ഭുതമല്ലേ. ബാബയും അത്ഭുതകരമാണ്, ബാബയുടെ ജ്ഞാനവും അത്ഭുതകരമാണ്, എല്ലാം അത്ഭുതകരമാണ്. ഈ അത്ഭുതങ്ങളെ മനസ്സിലാക്കുന്നവരുടെ ബുദ്ധിയും ഈ അത്ഭുതത്തിൽ തന്നെ മുഴുകിയിരിക്കണം. രാവണനും അത്ഭുതമല്ല രാവണന്റെ രചനയും അത്ഭുതമല്ല. രാത്രിയുടെയും പകലിന്റെയും വ്യത്യാസമുണ്ട്. ശാസ്ത്രത്തിൽ എഴുതപ്പെട്ടിട്ടുണ്ട് – കാളിദഹ് എന്ന സ്ഥലത്ത് സർപ്പം കൊത്തി കറുത്തതായി എന്ന്. ഇപ്പോൾ നിങ്ങൾക്ക് ഇത് നല്ല രീതിയിൽ മനസ്സിലാക്കി കൊടുക്കാൻ സാധിക്കും. കൃഷ്ണന്റെ ചിത്രത്തെ ആരെങ്കിലും എടുത്ത് പഠിക്കുകയാണെങ്കിൽ ശ്രേഷ്ഠമായിത്തീരും. 84 ജന്മങ്ങളുടെ കഥയാണ്. എങ്ങനെയാണോ കൃഷ്ണന്റേത് അതുപോലെത്തന്നെയാണ് നിങ്ങളുടേതും. സ്വർഗ്ഗത്തിലേക്ക് നിങ്ങളും വരുന്നുണ്ടല്ലോ. പിന്നീട് അവർ ത്രേതായുഗത്തിലേക്കും വരുന്നു. വൃദ്ധി ഉണ്ടായിക്കൊണ്ടിരിക്കും. ത്രേതായുഗത്തിലെ രാജാവ് ത്രേതായുഗത്തിൽ തന്നെ വരണമെന്നില്ല. പഠിപ്പുള്ളവരുടെ മുന്നിൽ പഠിപ്പില്ലാത്തവർക്ക് തലകുനിക്കേണ്ടിവരുകതന്നെ ചെയ്യും. ഈ ഡ്രാമയുടെ രഹസ്യത്തെക്കുറിച്ച് ബാബയ്ക്കു മാത്രമെ മനസ്സിലാക്കാൻ സാധിക്കൂ. ഇപ്പോൾ നിങ്ങൾക്ക് അറിയാം നിങ്ങളുടെ മിത്രസംബന്ധികളെല്ലാം തന്നെ നരകവാസികളാണെന്ന്. നമ്മൾ പുരുഷോത്തമസംഗമയുഗികളാണ്. ഇപ്പോൾ പുരുഷോത്തമരായി മാറിക്കൊണ്ടിരിക്കുകയാണ്. പുറമെ ഇരിക്കുന്നതും ഇവിടെ ഏഴു ദിവസം വന്ന് ഇരിക്കുന്നതും തമ്മിൽ വ്യത്യാസമുണ്ട്. ഹംസത്തിന്റെ സംഗത്തിൽ നിന്നും കൊറ്റികളുടെ സംഗത്തിലേക്ക് പോവുകയാണ്. പലരും വിട്ടു പോകുന്നവരുമുണ്ട്. പല കുട്ടികളും മുരളിക്ക് ശ്രദ്ധ നൽകു

ന്നില്ല. ബാബ മനസ്സിലാക്കിത്തരുന്നു – തെറ്റ് ചെയ്യരുത്. നിങ്ങൾക്ക് സുഗന്ധമുള്ള പുഷ്പങ്ങളായിത്തീരണം. കേവലം ഒരു കാര്യം തന്നെ നിങ്ങൾക്ക് ധാരാളമാണ്, ഓർമ്മയുടെ യാത്ര. ഇവിടെ നിങ്ങൾക്ക് ബ്രാഹ്മണരുടെ സംഗമാണുള്ളത്. നിങ്ങൾ ഏറ്റവും ഉയർന്നവരും അവർ നീചരും തമ്മിൽ എത്ര വ്യത്യാസമാണ്. കുട്ടികൾ എഴുതാറുണ്ട് ബാബാ കൊറ്റികളുടെ സംഗത്തിനിടയിൽ ഞങ്ങൾ ഒരു ഹംസം മാത്രം എന്തു ചെയ്യാനാണ്? കൊറ്റികൾ മുള്ളുകൾ ഏൽപ്പിച്ചുകൊണ്ടിരിക്കുന്നു. എത്ര പ്രയത്നിക്കേണ്ടി വരുന്നു. ബാബയുടെ ശ്രീമത പ്രകാരം മുന്നേറുന്നതിലൂടെ ഉയർന്ന പദവി ലഭിക്കുന്നു. സദാ ഹംസമായി ത്തന്നെ ഇരിക്കൂ. കൊറ്റികളുടെ കൂട്ടുകെട്ടിൽപ്പെട്ട് ഒരിക്കലും കൊറ്റിയായി മാറരുത്. ഇങ്ങനെയൊരു പാട്ടുണ്ട് ആശ്ചര്യത്തോടെ ജ്ഞാനം കേട്ടു, കേൾപ്പിച്ചു, പിന്നീട് എല്ലാവരെയും ആശ്ചര്യപ്പെടുത്തി ഓടിപ്പോയി എന്ന്. എന്നാലും കുറച്ചെങ്കിലും ജ്ഞാനം നേടുകയാണെങ്കിൽ സ്വർഗ്ഗത്തിലേക്ക് വരുന്നു. പക്ഷേ രാത്രിയുടേയും പകലിന്റെയും വ്യത്യാസമുണ്ടാകുന്നു. വളരെ കടുത്ത ശിക്ഷകൾ അനുഭവിക്കേണ്ടതായി വരും. ബാബ പറയുന്നു എന്റെ മതമനുസരിക്കാതെ പതിതമായിത്തീരുകയാണെങ്കിൽ നൂറുമടങ്ങ് ശിക്ഷ അനുഭവിക്കേണ്ടതായി വരും. പിന്നീട് പദവിയും കുറയുന്നു. ഇവിടെ രാജധാനിയുടെ സ്ഥാപനയാണുണ്ടാകുന്നത്. ഈ കാര്യങ്ങളെല്ലാം തന്നെ മറന്നു പോകുന്നു. ഇതെങ്കിലും ഓർമ്മയുണ്ടാവുകയാണെങ്കിൽ ഉയർന്ന പദവി നേടാനുള്ള പുരുഷാർത്ഥം തീർച്ചയായും ചെയ്യും. ചെയ്യുന്നില്ലെങ്കിൽ മനസ്സിലാക്കാം–ഒരു ചെവിയിലൂടെ കേട്ട് മറുചെവിയിലൂടെ പുറത്തേക്കു വിടുന്നു എന്ന്. ബാബയുമായി യോഗമില്ല. ഇവിടെയിരുന്നുകൊണ്ടും ബുദ്ധിയോഗം കുട്ടികളിലും പേരമക്കളിലുമാണ്. ബാബ പറയുന്നു സർവ്വതും മറക്കണം ഇതിനെ തന്നെയാണ് വൈരാഗ്യം എന്ന് പറയുന്നത്. ഇതിലും ശതമാനങ്ങളുണ്ട്. ചിന്തകൾ എവിടെയെങ്കിലുമൊക്കെ പോകുന്നു. പരസ്പരം മറ്റുള്ളവരോട് സ്നേഹം തോന്നുമ്പോഴും ബുദ്ധി കുടുങ്ങിപ്പോകുന്നു.

ബാബ ദിവസേന മനസ്സിലാക്കിത്തരുന്നു – ഈ കണ്ണുകളിലൂടെ എന്തെല്ലാമാണോ കാണുന്നത് അതെല്ലാം തന്നെ നശിക്കാൻ പോകുന്നതാണ്. നിങ്ങളുടെ ബുദ്ധിയോഗം പുതിയ ലോകത്തിലായിരിക്കണം. പരിധിയില്ലാത്ത സംബന്ധികളുമായും ബുദ്ധിയോഗം വെക്കണം. ഇത് അത്ഭുതകരമായ പ്രിയതമനാണ്. ഭക്തിയിൽ പാടിയിരുന്നു അങ്ങ് എപ്പോഴാണോ വരുന്നത്, അപ്പോൾ അങ്ങയെയല്ലാതെ മറ്റാരെയും ഓർമ്മിക്കില്ലെന്ന്. ഇപ്പോൾ ഞാൻ വന്നിരിക്കുകയാണ്, ഇപ്പോൾ നിങ്ങൾക്ക് എല്ലാ വശത്തു നിന്നുമുള്ള ബുദ്ധിയോഗത്തെ ഇല്ലാതാക്കണം. ഇതെല്ലാം തന്നെ മണ്ണോടുമണ്ണായി മാറാനുള്ളതാണ്. നിങ്ങളുടെ ബുദ്ധിയോഗം ഇത്രയ്ക്കും കാലം മണ്ണുമായായിരുന്നു. ബാബയുമായുള്ള ബുദ്ധിയോഗമാണെങ്കിൽ നിങ്ങൾ അധികാരിയായിത്തീരും. ബാബ എത്ര വിവേകശാലിയാക്കിമാറ്റുന്നു. ഭക്തിയെന്താണ് ജ്ഞാനമെന്താണ് എന്നുള്ളതിനെക്കുറിച്ച് മനുഷ്യർക്ക് അറിയില്ല. ഇപ്പോൾ നിങ്ങൾക്ക് ജ്ഞാനം ലഭിച്ചു കഴിഞ്ഞു അപ്പോഴാണ് നിങ്ങൾ ഭക്തിയെക്കുറിച്ച് കൂടി അറിയുന്നത്. ഭക്തിയിൽ എത്ര ദുഃഖമുണ്ടായിരുന്നു എന്നുള്ളത് നിങ്ങൾക്കിപ്പോൾ അനുഭവമാകുന്നുണ്ടാകും. മനുഷ്യർ ഭക്തി ചെയ്യുന്നുണ്ട് സ്വയത്തെ വളരെയധികം സുഖിയാണെന്ന് മനസ്സിലാക്കുന്നുണ്ട്. എന്നാലും പറയുന്നു ഭഗവാൻ വന്ന് ഫലം നൽകുമെന്ന്. ആർക്ക് എങ്ങനെയുള്ള ഫലം നൽകും എന്നുള്ളതിനെക്കുറിച്ചൊന്നും അറിയില്ല. ഇപ്പോൾ നിങ്ങൾക്ക് അറിയാം – ബാബ ഭക്തിയുടെ ഫലം നൽകാൻ വന്നിരിക്കുകയാണ്. വിശ്വത്തിന്റെ രാജധാനിയാകുന്ന ഫലം ഏതൊരു അച്ഛനിൽ നിന്നാണോ ലഭിക്കുന്നത്, ആ അച്ഛന്റെ നിർദ്ദേശമനുസരിച്ച് മുന്നോട്ടു പോകണം. അതിനെയാണ് ഉയർന്നതിലും ഉയർന്ന മതമെന്ന് പറയുന്നത്. എല്ലാവർക്കും മതം ലഭിക്കുന്നുണ്ട്. ചിലർക്ക് അതനുസരിക്കാൻ സാധിക്കുന്നു, ചിലർക്ക് അനുസരിച്ച് ജീവിക്കാൻ സാധിക്കില്ല. പരിധിയില്ലാത്ത ചക്രവർത്തി പദവിയുടെ സ്ഥാപനയാണ് ഉണ്ടാകുന്നത്. ഇപ്പോൾ നിങ്ങൾ മനസ്സിലാക്കുന്നു – നമ്മൾ ആരായിരുന്നു, ഇപ്പോൾ നമ്മുടെ അവസ്ഥ എന്തായി തീർന്നിരിക്കുകയാണ്. മായ ഒറ്റയടിക്കു ഇല്ലാതാക്കുന്നു. ഇത് മൃതമായവരുടെ ലോകം പോലെയാണ്. ഭക്തിമാർഗ്ഗത്തിൽ നിങ്ങൾ എന്തു കേട്ടാലും അതിനെ സത്യം സത്യം എന്നു പറഞ്ഞു വന്നു. പക്ഷേ നിങ്ങൾക്ക് അറിയാം സത്യം ഒരേയൊരു ബാബ മാത്രമാണ് കേൾപ്പിക്കുന്നത്. ഇങ്ങനെയുള്ള ബാബയെ ഓർമ്മിക്കണം. ഇവിടെ പുറമെയുള്ള ആരെങ്കിലും ഇരിക്കുകയാണെങ്കിൽ അവർക്ക് ഒന്നും തന്നെ മനസ്സിലാക്കാൻ സാധിക്കില്ല. ഇവിടെ കേൾപ്പിക്കുന്നതൊന്നും തന്നെ മനസ്സിലാക്കാൻ സാധിക്കുന്നില്ലെന്ന് അവർ പറയും. മുഴുവൻ ലോകത്തിലുള്ളവരും പരമാത്മാവ് സർവ്വ വ്യാപിയാണെന്നാണ് പറയുന്നു, എന്നാൽ ഇവിടെ നമ്മുടെ അച്ഛനാണെന്നും പറയുന്നു. ഇല്ല–ഇല്ല എന്ന് തലയാട്ടി കൊണ്ടിരിക്കും. നിങ്ങളുടെ ഉള്ളിൽ അതെ–അതെ എന്നു പറഞ്ഞുകൊണ്ടിരിക്കും. അതുകൊണ്ടാണ് പുതിയവരെ ഇങ്ങോട്ട് പ്രവേശിപ്പിക്കാത്തത്. ശരി!

വളരെക്കാലത്തെ വേർപാടിനുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക്

നമസ്കാരം.

## ധാരണയ്ക്കുള്ള മുഖ്യ സാരം:-

1) സുഗന്ധമുള്ള പുഷ്പമായി മാറുന്നതിനുവേണ്ടി കൂട്ടുകെട്ടിനെ വളരെ സംരക്ഷിക്കണം. ഹംസവുമായി കൂട്ടുകൂടണം, ഹംസമായിത്തന്നെ ഇരിക്കണം. മുരളിയിൽ ഒരിക്കലും അശ്രദ്ധ കാണിക്കരുത്. ഒരിക്കലും തെറ്റുകൾ ചെയ്യരുത്.

2) കർമ്മ ബന്ധനത്തിൽ നിന്നും മുക്തമായിത്തീരുന്നതിനുവേണ്ടി സംഗമയുഗത്തിൽ തന്റെ സർവ്വ സംബന്ധങ്ങളും ഒരേയൊരു ബാബയുമായി വെക്കണം. പരസ്പരം മറ്റൊരു സംബന്ധവും വെക്കരുത്. ഏതൊരു പരിധിക്കുള്ളിലുള്ള സംബന്ധത്തിലും സ്നേഹം വെച്ച് ബുദ്ധിയോഗം കുടുങ്ങിപ്പോകരുത്. ഒന്നിനെ മാത്രം വേണം ഓർമ്മിക്കാൻ.

## വരദാനം:- പരമാത്മാ സ്നേഹത്തിൽ ലയിക്കുന്ന അഥവാ മിലനത്തിൽ മഗ്നമാകുന്ന സത്യമായ സ്നേഹിയായി ഭവിക്കൂ

സ്നേഹത്തിന്റെ ലക്ഷണമായി പാടപ്പെടുന്നു - രണ്ടായിട്ടും രണ്ടായിരിക്കില്ല എന്നാൽ യോജിച്ച് ഒന്നാകും, ഇതിനെ തന്നെയാണ് ലയിക്കുകയെന്ന് പറയുന്നത്. ഭക്തർ ഈ സ്നേഹത്തിന്റെ തന്നെ സ്ഥിതിയെ ലയിക്കുക അല്ലെങ്കിൽ ഒന്നാകുകയെന്ന് പറയുന്നു. സ്നേഹത്തിൽ ലയിക്കുക - ഇത് സ്ഥിതിയാണ് എന്നാൽ സ്ഥിതിക്ക് പകരം അവർ ആത്മാവിന്റെ അസ്ഥിത്വം തന്നെ സദാകാലത്തേക്ക് ഇല്ലാതാകുന്നു എന്ന് മനസ്സിലാക്കി. താങ്കൾ കുട്ടികൾ എപ്പോൾ ബാബയുടെ അഥവാ ആത്മീയ പ്രിയതമന്റെ മിലനത്തിൽ മഗ്നമാകുന്നോ അപ്പോൾ സമാനമാകുന്നു.

## സ്ലോഗൻ:- അന്തർമുഖി അവരാണ് ആരാണോ വ്യർത്ഥ സങ്കൽപങ്ങളിൽ നിന്ന് മനസ്സിന്റെ മൗനം വയ്ക്കുന്നത്.